**പതിനഞ്ചാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 23** **5.12.2022 - ൽ മറുപടിക്ക്.**

**<u>പൊതുവിതരണ സമ്പ്രദായം സംരക്ഷിക്കാൻ നടപടി</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ തോമസ് കെ തോമസ്**<br>**ശ്രീ കെ ബി ഗണേഷ് കുമാർ**<br>**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | **ശ്രീ. ജി. ആർ. അനിൽ**<br>**(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ളതായി പറയപ്പെടുന്ന കേന്ദ്ര സർക്കാർ നിലപാടുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനു മുൻപ് അധിക വിഹിതമുൾപ്പടെ ശരാശരി 16 ലക്ഷം മെ.ടൺ ധാന്യം പ്രതിവർഷം ലഭ്യമായിരുന്ന സ്ഥാനത്ത് 14.25 ലക്ഷം മെ.ടൺ ധാന്യമാണ് ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 2011 ലെ സെൻസസ് അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തെ മുൻഗണനാ വിഭാഗത്തെ നിശ്ചയിച്ചിട്ടുള്ളതെന്നതിനാൽ കേരളത്തിലേയ്ക്കുള്ള അരി വിഹിതം 2011 സെൻസസിലെ ജനസംഖ്യാ അടിസ്ഥാനത്തിൽ മാത്രമേ ലഭിക്കുന്നുള്ളൂ. ഇത് ഭക്ഷ്യധാന്യങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തെ സംബന്ധിച്ച് വലിയ പ്രതിസന്ധി ഉളവാക്കിയിട്ടുണ്ട്. കേരളത്തിന് കൂടുതൽ ഭക്ഷ്യ ധാന്യം അനുവദിക്കണം എന്ന ആവശ്യവുമായി നിരവധി തവണ വകുപ്പ് മന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കേന്ദ്രവുമായി നേരിട്ട് ആശയ വിനിമയം നടത്തിയെങ്കിലും കൂടുതൽ ഭക്ഷ്യധാന്യ വിഹിതം അനുവദിക്കുന്നതിനുള്ള നടപടി കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല.<br>ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യം മുൻഗണനേതര വിഭാഗത്തിന് നാമമാത്രമായാണ് വിതരണം ചെയ്യാനാകുന്നതെന്നതിനാൽ കോവിഡ് കാലത്ത് കിലോഗ്രാമിന് 20 മുതൽ 22.50 രൂപ വരെ നൽകി എഫ്.സി.ഐ.യിൽ നിന്ന് അരി വാങ്ങി |

മുൻഗണനേതര വിഭാഗത്തിന് സൗജന്യമായും 15 രൂപ നിരക്കിലും വിവിധ മാസങ്ങളിൽ വിതരണം ചെയ്തിരുന്നു.

**(ബി)** സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി കൂടുതൽ ഭക്ഷ്യ ധാന്യങ്ങൾ സംഭരിച്ച് വിൽക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

**(ബി)** സിവിൽ സപ്ലൈസ് കോർപറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1633 ഔട്ട് ലെറ്റുകളിലേക്ക് 2½ മാസത്തേയ്ക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഡിപ്പോയിൽ നിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ, ഡിപ്പോയിലെ സ്ഥല സൗകര്യം, ഫണ്ടിന്റെ പര്യാപ്തത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെൻഡർ/ ഇ-ഓക്ഷൻ മുഖേന അരി, പഞ്ചസാര ഉൾപ്പെടെയുള്ള പലവ്യഞ്ജന സാധനങ്ങൾ വാങ്ങി വിൽപനശാലകളിലൂടെ വിൽപന നടത്തുന്നുണ്ട്. ആയതു പ്രകാരം നിത്യോപയോഗ സാധനങ്ങൾ ഏറ്റവും കുറഞ്ഞ വിലയ്ക്ക് വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്തുവാൻ സാധിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**